# കളിക്കാനറിയുന്നവരാണ് പീഡകർ



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

**ഇവർ തങ്ങളുടെ സുഖം മാത്രം നോക്കുന്നവരായിരിക്കും. മറ്റുള്ളവർ തങ്ങളുടെ സുഖത്തിനായിയുള്ളവരാണ് എന്നാണ് ഇവരുടെ ചിന്ത. കുടുംബപരമായും, സാമ്പത്തികഭദ്രതയിൽനിന്നും, സമൂഹത്തിൽ നിന്നും, സുഹൃത്തുക്കളിൽനിന്നുമെല്ലാം ഇവരെ തന്ത്രപരമായി അകറ്റും....**

കഴിഞ്ഞയാഴ്ചയിൽ ദമ്പതികളെ തന്റെ പങ്കാളിയെ ചിത്രവധം ചെയ്യുന്ന ചില പങ്കാളികളുടെ സ്വഭാവ വൈകൃതങ്ങളെപ്പറ്റി നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇരകളുമായി ഇടപെടുകയും അവരുടെ ജീവിതത്തെ അടുത്തറിയുകയും അവരെ സ്വസ്ഥമായി ഒരു അസ്തിത്വമുള്ളവരായി ജീവിക്കാൻ പ്രാപ്തരാക്കുകയും ചെയ്ത, ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിക്ടിം തെറാപ്പിസ്റ്റ് എന്ന നിലയിൽ എനിക്ക് നിങ്ങളോടു പറയുവാനുള്ളത്:

1 ) ഇരകളുടെ മർമ്മമറിഞ്ഞു കളിക്കാനറിയുന്നവരാണ് പീഡകർ.

2) ഇപ്രകാരമുള്ള വ്യക്തിത്വവൈകല്യങ്ങൾ ഒരിക്കലും പൂർണമായും മാറ്റിയെടുക്കാൻ കഴിയുന്ന ഒന്നല്ല.

3) ഇവർ തങ്ങളുടെ സുഖം മാത്രം നോക്കുന്നവരായിരിക്കും. മറ്റുള്ളവർ തങ്ങളുടെ സുഖത്തിനായിയുള്ളവരാണ് എന്നാണ് ഇവരുടെ ചിന്ത. കഷ്ടമെന്തെന്നാൽ ഭർത്താക്കന്മാരുടെ സുഖത്തിനാണ് സമൂഹവും ഊന്നൽ കൊടുക്കുന്നത്. ഉദാഹരണത്തിന് ഒരു പാട്ടും ഉണ്ട് 'പൂമുഖ വാതിൽക്കൽ സ്നേഹം വിടർത്തുന്ന.....'

4) പീഡകരായ പങ്കാളികൾ ആദ്യം ചെയ്യുന്നത് ഇരകളെ തങ്ങളുടെ വരുത്തിയിലാക്കുക എന്നതാണ്. അതിനായി അവരെ പൂർണമായി പരാശ്രയമില്ലാതെ ജീവിക്കാനാവാത്തവരാക്കി തീർക്കും.

5 ) കുടുംബപരമായും, സാമ്പത്തികഭദ്രതയിൽ നിന്നും, സമൂഹത്തിൽ നിന്നും, സുഹൃത്തുക്കളിൽനിന്നുമെല്ലാം ഇവരെ തന്ത്രപരമായി അകറ്റും. ഇപ്രകാരം വൈകല്യമുള്ളവർ തങ്ങളുടെ പങ്കാളികളോട് ജോലിക്കു പോകണ്ട എന്നു പറയുന്നതിന്റെ കാരണം നിങ്ങളെ സ്വയം പര്യാപ്തതയിൽനിന്നും അകറ്റാനാണ്. ഇനി ജോലിക്കു പോകാൻ അനുവദിച്ചാൽ തന്നെ കിട്ടുന്ന ശമ്പളം മുഴുവനും അവരെ ഏൽപ്പിക്കണം. നിങ്ങൾ ആത്മവിശ്വാസവും, ധൈര്യവും ഉള്ളവരും സ്വയം പര്യാപ്തരുമാണെങ്കിൽ അവർക്കു നിങ്ങളെ വരുതിയിലാക്കാൻ എളുപ്പമല്ല എന്നത് നിങ്ങളെക്കാൾ മുമ്പേ അവർ മനസ്സിലാക്കിയിട്ടുള്ള കാര്യമാണ്.

**6)** പിന്നീട് എല്ലാ പ്രശ്നങ്ങളുടെയും മൂല കാരണം ഇരകളായ പങ്കാളികളാണെന്ന് ഇവർ മറ്റുള്ളവരെയും എന്തിന് ഇരകളെ തന്നെയും വിശ്വസിപ്പിക്കും.

ഇന്ന് ഒട്ടുമിക്ക മാതാപിതാക്കളും തങ്ങളുടെ പെൺമക്കൾക്ക് തങ്ങളുടെ സ്വത്തിന്റെ ഒരു ഭാഗം നൽകുന്നവരാണ്. വ്യക്തിത്വ വൈകല്യമുള്ളവരുടെ കണ്ണ് പലപ്പോഴും അവരുടെ സമ്പത്തിൽ ആയിരിക്കും. അതിനു വേണ്ടി എങ്ങിനെവേണമെങ്കിലും ഇരകളോട് തന്മയത്തത്തോടെ സ്നേഹത്തോടെ പെരുമാറിയോ, അല്ലെങ്കിൽ കുറ്റബോധം ഉണ്ടാക്കിയോ, അതുമല്ലെങ്കിൽ പേടിപ്പിച്ചോ തങ്ങളുടെ കാര്യം സാധിച്ചെടുക്കുന്നു.

ഇരകളായ പങ്കാളികൾ ഇപ്രകാരം തങ്ങളുടെ പീഡകൻ തീർക്കുന്ന ചുഴിയിലകപ്പെട്ടു പോകുന്നു. ഇങ്ങിനെയുള്ള ഇരകൾക്കു ശരിയായ രീതിയിൽ ചിന്തിക്കാനുള്ള കഴിവുപോലും നഷ്ടപ്പെടുന്നു. തങ്ങളുടെ പീഡകനായ പങ്കാളി ആദേശിക്കുന്ന രീതിയിലായിരിക്കും അവർ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. ഉദാഹരണത്തിന്, ഞാൻ മൂലമാണോ ഇങ്ങിനെയൊക്കെ സംഭവിക്കുന്നത്, ഞാൻ എന്റെ പങ്കാളിക്കിഷ്ടപ്പെട്ട രീതിയിൽ പെരുമാറിയാൽ പ്രശ്നങ്ങൾ തീരുമായിരിക്കും, രണ്ടു കൈകളും കൂട്ടിയടിച്ചാലല്ലേ ഒച്ചയുണ്ടാവൂ. ആണുങ്ങളല്ലേ അവരങ്ങിനെയാണ് അല്ലെങ്കിൽ പെണ്ണുങ്ങളല്ലേ അവരങ്ങിനെയാണ് നീയാണ് ക്ഷമിക്കേണ്ടതും. പൊറുക്കേണ്ടതും. ഇങ്ങനെ തങ്ങളെ തന്നെ അവിരാമമായി തിരുത്തി തിരുത്തി ഇവർ യാതൊരു അസ്തിത്വവുമില്ലാത്തവരായി തീരുന്നു. അതുകൊണ്ടാണ് പലപ്പോഴും ഇരകൾക്ക് ഇങ്ങനെയുള്ള യാതനകളിൽനിന്നും പുറത്തുകടക്കുവാൻ സാധിക്കാതെ വരുന്നത്.

വിസ്മയ എന്ന കുട്ടിയുടെ കാര്യത്തിൽ സംഭവിച്ചതിനെപറ്റി പലരും പല രീതിയിലും പ്രതികരിച്ചു കണ്ടു. ചിലർ സ്ത്രീധനത്തെ പഴിച്ചു. അങ്ങിനെയൊരു സമ്പ്രദായം നിർത്തലാക്കണമെന്ന് വാദിച്ചു . ഇനി ചിലർ തങ്ങളുടെ ഭർത്താക്കന്മാരുടെ നന്മയെപ്പറ്റിയും തങ്ങളുടെ അമ്മായി അമ്മയുടെയും അമ്മായി അപ്പൻറ്റേയും കരുതലിന്റെയും സ്നേഹത്തെയും പറ്റി പറഞ്ഞു ആൺകുട്ടികളെ നന്നായി വളർത്തേണ്ടതിൻറ്റെ ആവശ്യകതയെപ്പറ്റി പറഞ്ഞു. എല്ലാം നല്ലതു തന്നെ. പക്ഷെ ഇവിടുത്തെ ആധികാരികമായ പ്രശ്നം ഒരു കുടുംബം എന്താണെന്നും, ആരൊക്കെയാണ് ബന്ധുക്കളെന്നും, എങ്ങിനെയാണ് ഓരോരുത്തരോടും പെരുമാറേണ്ടതെന്നും, ഒരു കുടുംബത്തിൽ ഓരോരുത്തരുടെയും ചുമതലയെന്നും ഇന്നത്തെ എത്ര കുട്ടികൾക്കറിയാം. അത് പോട്ടെ എത്ര മാതാപിതാക്കൾക്കറിയാം. ഇനി സ്ത്രീധനം വാങ്ങിയതുകൊണ്ടു ഒരാൾ മോശക്കാരാനാവില്ല. ഒരു നല്ല മകൻ ഒരു നല്ല ഭർത്താവാകണമെന്നില്ല. അതുപോലെ ഒരു നല്ല സഹോദരൻ ഒരു നല്ല ഭർത്താവാകണമെന്നില്ല. അതുപോലെ ഒരു നല്ല ഭർത്താവ് ഒരു നല്ല മകനോ, സഹോദരനോ ആകണമെന്നില്ല.



പെൺകുട്ടികൾ വീണു പോകുന്ന ഒരു ഡയലോഗ് ആണ് എൻറ്റെ ഭാര്യ ജോലിക്കുപോകേണ്ട ആവശ്യമില്ല അവളെയും കുടുംബത്തെയും അന്തസായി പോറ്റാനുള്ളത് ഞാൻ അധ്വാനിച്ചുണ്ടാക്കുന്നുണ്ട്. ഇവിടെ ആരും ചോദിക്കാറില്ല അവളെ ജോലിക്കുവിടാതെ സകല സുഖങ്ങളും നൽകി നോക്കാമെന്നാണോ ഉദ്ദേശിച്ചതെന്ന്. പലരുടെയും ഉദ്ദേശം എനിക്ക് വീട്ടുജോലി ചെയ്യുന്ന ഭാര്യയെ ആണ് വേണ്ടത് എന്നാണ്. പെൺകുട്ടികളിറിയണം ഒരു പയ്യൻ വിവാഹം കഴിഞ്ഞിട്ട് ജോലിക്കുപോകേണ്ട എന്ന് പറയുമ്പോൾ അയാൾ ഉദ്ദേശിക്കുന്നതെന്താണ് എന്ന്. അങ്ങിനെ വീട്ടുജോലിമാത്രം ചെയ്തു ജീവിക്കാൻ നിങ്ങൾ ഒരുക്കമാണോ എന്ന്. അതിൽനിന്നും ഉണ്ടാകുന്ന എല്ലാവിധ അനുഭവങ്ങളെയും നേരിടാൻ പ്രാപ്തമാണോ എന്ന്. ഒരു ഓഫീസിൽ ജോലി ചെയ്യുമ്പോൾ ഉള്ളപോലെ തന്നെയാണ് വീട്ടിൽ ജോലിചെയ്യുമ്പോഴും. എല്ലാ കാര്യങ്ങളും നോക്കിയും കണ്ടും നന്നായി ചെയ്യുക തന്നെ വേണം. ആ ഉത്തരവാദിത്തം സ്വയം ഏറ്റെടുത്തിട്ട് പിന്നീട് ഒന്നും പറഞ്ഞിട്ട് കാര്യമില്ല. കാരണം ഓഫീസ് ജോലി പോലെ തന്നെ എല്ലാവിധ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വീട്ടുജോലി ചെയ്യുന്നതിനും ഉണ്ട്. കുത്തുവാക്കുകളും, തന്ത്രങ്ങളും, കുറ്റപ്പെടുത്തലുകളും, തുലനം ചെയ്യലും, കളിയാക്കലും, വഴക്കു പറച്ചിലും എല്ലാം ഏതൊരു ജോലിസ്ഥലത്തെയും പോലെ ഇവിടെയും കാണും. എല്ലാവർക്കും നിങ്ങൾ അഭിമതരാകണം എന്നുമില്ല. വീട്ടിലാകുമ്പോൾ ഇവയെല്ലാം കൂടുതൽ ആഴത്തിൽ നിങ്ങളെ ബാധിക്കുകയും ചെയ്യും. കാരണം ഓഫീസിൽ നിങ്ങളുമായി ഒരു ബന്ധവുമില്ലാത്തവരാണ് അത് ചെയ്യുന്നത്. എന്നാൽ കുടുംബത്തിൽ നിങ്ങൾ സ്വന്തമെന്നു കരുതുന്നവരാണ് അപ്രകാരം പെരുമാറുന്നത്. അതുകൊണ്ട് അത് നിങ്ങൾക്ക് കൂടുതൽ ദുഃഖവും, പ്രയാസവുമുണ്ടാക്കും. ഓഫീസ് ജോലി പോലെ പെട്ടെന്ന് ഒരു ദിവസം വേണ്ട എന്ന് വച്ചിട്ട് ഇറങ്ങിപ്പോരാൻ വിവാഹ ജീവിതത്തിൽ കഴിഞ്ഞു എന്ന് വരില്ല.

ഒരിക്കലും ആർക്കും ഒരു വ്യക്തിയെ പൂർണമായും മനസ്സിലാക്കാൻ സാധിക്കില്ല. പലപ്പോഴും പല വ്യകതികളും തങ്ങളുടെ സ്വന്തം നിയന്ത്രണത്തിൽ പോലുമല്ല പ്രവർത്തിക്കുന്നത്. ആരെങ്കിലും നിങ്ങളോട് നാമെല്ലാം മനുഷ്യരല്ലേ, തെറ്റുപറ്റില്ലെ അതുകൊണ്ട് ക്ഷമിക്കണം, പൊറുക്കണം എന്നൊക്കെ പറയുമ്പോൾ മനുഷ്യർക്ക് തെറ്റ് പറ്റാം പക്ഷെ അവ തിരുത്തപ്പെടണം എന്ന് തന്നെയാണ് എൻറ്റെയും അഭിപ്രായം എന്നാൽ ക്ഷമിക്കും തോറും ഒരു തെറ്റിൽ നിന്നും മറ്റൊരു തെറ്റിലേക്ക് മാറ്റിവിടാൻ നോക്കുമ്പോഴാണ് പ്രശ്നങ്ങൾ എത്രയും വേദനാജനകമാകുന്നത്. ശരിയായ വ്യക്തിത്വമുള്ളവർ തങ്ങളുടെ പ്രവൃത്തിയുടെ പരിണിതഫലങ്ങൾ തിരിച്ചറിയുകയും വേണ്ടവിധമായ ഭേദപ്പെടുത്തലുകൾ തങ്ങളുടെ സ്വഭാവത്തിൽ വരുത്തുകയും ചെയ്യും. എന്നാൽ സ്വഭാവ വൈകല്യമുള്ള വ്യക്തികൾക്ക് അവർ ചെയ്യന്ന തെറ്റുകൾ ഒരിക്കലും തെറ്റായി തോന്നുകയില്ല. അവരെ സംബധിച്ചിടത്തോളം അവരങ്ങിനെയൊക്കെ പെരുമാറാൻ മതിയായ കാരണങ്ങൾ ഉണ്ട്. മറ്റുള്ളവർക്ക് അന്യായമായും അവർക്കു ന്യായമായും തോന്നുന്ന കാരണങ്ങൾ. മറ്റുള്ളവരെ പീഡിപ്പിക്കുകയും അവഹേളിക്കുകയും ചെയ്യുന്നവർ അവരുടെ പ്രവൃത്തിയുടെ കാരണം തങ്ങളുടെ വൈകല്യമാണെന്നു തിരിച്ചറിയാതെ മറ്റുള്ളവരെ കുറ്റക്കാരാക്കുന്നു. ഉദാഹരണത്തിന് പറഞ്ഞുറപ്പിച്ച സ്ത്രീധനം തന്നിരുന്നെങ്കിൽ ഞാനിങ്ങനെ പെരുമാറില്ലായിരുന്നു. അല്ലെങ്കിൽ ഇവൾ ജോലിക്കു പോകാതെയിരുന്നെങ്കിൽ, പൈസ അനാവശ്യമായി ചെലവാക്കാതെയിരുന്നെകിൽ, എന്റെ ’അമ്മയുണ്ടാക്കുന്നതു പോലെ ഭക്ഷണം ഉണ്ടാക്കിയിരുന്നെങ്കിൽ എന്നുവേണ്ട അങ്ങിനെയായിരുന്നെങ്കിൽ, ഇങ്ങനെയായിരുന്നെങ്കിൽ എന്നും പറഞ്ഞും. എന്നെ ദേഷ്യം പിടിപ്പിച്ചിട്ടല്ലേ അല്ലെങ്കിൽ ഞാൻ നല്ലയാളാണ്. ഇവളോടെ ഞാനിങ്ങനെയുള്ളൂ. മറ്റുള്ളവർക്ക് എന്നെ എത്ര കാര്യമാണെന്ന് നോക്കൂ. അപ്പോൾത്തന്നെ മനസ്സിലാവില്ല ഇവളാണ് കുഴപ്പക്കാരിയെന്ന്. ഇങ്ങനെ പലവിധ ന്യായീകരണങ്ങൾ ഇവർ ഉയർത്തുകയും തങ്ങളുടെ ഇരകൾക്കാണ് എല്ലാ ഉത്തരവാദിത്വവുമെന്ന് സമർഥിക്കുകയും ചെയ്യും.

സ്ത്രീകളും ഇങ്ങിനെ പെരുമാറുന്നവരിൽ ഉണ്ട് കേട്ടോ. പുരുഷന്മാർക്ക് ഇത്തരം വൈകല്യങ്ങൾ താരതമ്യേന കൂടുതലായതുകൊണ്ടു അവരെ ഊന്നിപ്പറഞ്ഞു എന്നുമാത്രം.

നാമെല്ലാവരും ആവശ്യം മനസ്സിലാക്കേണ്ട കാര്യമാണ് ജീവിത വിജയം എങ്ങിനെ നേടാമെന്ന്. നിങ്ങളുടെ ടെക്നിക്കൽ വിദ്യാഭ്യാസം ജോലി നേടിത്തരും പക്ഷെ ജീവിതവിജയം തരില്ല. ജീവിത വിജയത്തിന് പ്രായോഗിക ബുദ്ധി, വൈകാരിക ബുദ്ധി, സാമൂഹിക ബുദ്ധി, സാമ്പത്തിക ബുദ്ധി, സാംസ്കാരിക ബുദ്ധി, ആത്മീയ ബുദ്ധി എന്നിവ വളരെ ആവശ്യം വേണ്ടുന്നവയാണ്. ഇപ്രകാരമുള്ള എല്ലാ ബുദ്ധികളെയും തിരിച്ചറിയുകയും, വികസിപ്പിക്കുകയും ചെയ്യുന്നവരാണ് തങ്ങളുടെ ജീവിതം ആസ്വദിച്ചു ജീവിക്കുന്നവർ.

എല്ലാവർക്കും ഒരേ അളവിൽ സഹിഷ്ണുത ഉണ്ടവുകയില്ല. അതുകൊണ്ടു തന്നെ ഓരോരുത്തരുടെയും വൈകാരികമായ അനുഭവങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. നിങ്ങളുടെ യാതനാപൂർണമായ ജീവിതത്തെ എങ്ങിനെ തിരിച്ചറിയാമെന്നും,

എപ്രകാരം ജീവിതം നന്നായി കൈകാര്യം ചെയ്യാമെന്നും അടുത്ത ലക്കത്തിൽ വിശദീകരിക്കാം.(തുടരും)

Publisher: Snehavachanam Media Group,Managing Dirctor Leena Mol,Chief Editor Shaji Vazhoor, Associate Editors: Dr.Lijo Kuriyerath New Delhi,Nehamol, For Private Circulation only.